

ശിവദാസൻ എ.കെ.

# കാഴ്ചക്കപ്പുറം കാണുക



കലിംഗയുദ്ധം കഴിഞ്ഞ അശോക ചക്രവർത്തി ഇനിയങ്ങോട്ട് യുദ്ധമില്ല എന്ന നിലപാട് എങ്ങനെയെടുത്തു എന്നത് ഇന്നും ചർച്ചാവിഷയമാണ്. കലിംഗത്തിന്റെ പതനത്തോടെ തനിക്ക് വെല്ലുവിളിയുയർത്താവുന്ന രാജ്യങ്ങളെല്ലാം അവസാനിച്ചതിനാൽ അത് തന്ത്രപരമായ ഒരു പിൻമാറ്റമായി വിലയിരുത്തുന്നവരുണ്ട്. യുദ്ധം കഴിഞ്ഞിട്ടും ഭീമമായ സൈന്യത്തെ എന്തിന് നിലനിർത്തി എന്നവർ ചോദിക്കുന്നു. യുദ്ധം വരുത്തുന്ന പരിണാമം അക്രമവും ആൾ നാശവും ആണെന്ന് അറിയാത്ത ഒരാളും ഇന്നേവരെ യുദ്ധത്തിനിറങ്ങിയിട്ടില്ല. എന്നിട്ടും ഒരു തിമിർപ്പിൽ നിന്ന് വിനയത്തിന്റെ, കാരുണ്യത്തിന്റെ പാതയിലേക്ക് എങ്ങനെയാണ് ചക്രവർത്തി സഞ്ചരിച്ചിട്ടുണ്ടാകുക. അദ്ദേഹത്തിന്റെ പിൽക്കാല ചരിത്രം അത് കേവലമായ ഒരു സാമ്പത്തിക തന്ത്രം എന്നതിനപ്പുറത്തേക്ക് വ്യക്തമായ ഒരു ദിശാ വ്യതിയാനം തന്നെ എന്ന് ബോദ്ധ്യപ്പെടുത്തുന്നു. അത് വ്യത്യസ്തമായ ഒരു കാഴ്ചയാണ്. തകർന്ന ശത്രു രാജ്യത്തിനുമേൽ വിജയത്തിന്റെ കൊടിക്കൂറ ചാർത്തിയപ്പോഴും അഹങ്കാരത്തിന്റെ കാഴ്ചക്കപ്പുറം എണ്ണമറ്റ ദുരിതത്തിന്റെ കാഴ്ചയെ അതിന്റെ യഥാർത്ഥ സ്വഭാവത്തിൽ വീക്ഷിക്കാനയതുകൊണ്ടു മാത്രം സംഭവിച്ച ഒന്ന്.

"അസതോ മാ സത്ഗമയ" എന്ന് ബൃഹദാരണ്യോകോപനിഷത്ത് ഉപദേശിക്കുന്നു. അഗാധമായ ഇരുട്ടിനു നേരെ നോക്കി എന്തെന്നറിയാതെ, യഥേഷ്ടം സങ്കൽപ്പങ്ങൾ മെനഞ്ഞ് ഒരിക്കലും സത്യമറിയാതെ മരിച്ചുപോകുന്നതുപോലെയാണ് പല ജീവിതങ്ങളും. അസത്യത്തിൽ നിന്ന് സത്യത്തിലേക്ക് സഞ്ച

Photos: Pavi K. Pavan



രിക്കണമെങ്കിൽ ആദ്യം സത്യാസത്യങ്ങളെ വിവേചിച്ചറിയുക തന്നെ വേണം. അതിന് കേവലം കാഴ്ചകൾക്കപ്പുറത്തേയ്ക്ക് വ്യത്യസ്തമായി നോക്കി കാണാനുള്ള ഉൾക്കാഴ്ച സിദ്ധിക്കണം. യുദ്ധത്തിൽ വിജയിച്ചവന്റെ ഭേരിക്കപ്പുറം പരാജയപ്പെട്ടവന്റെ രോദനങ്ങളെ ശ്രവിക്കാൻ കഴിയണം. എങ്കിൽ മാത്രമാണ് അശോക ചക്രവർത്തിയെപ്പോലെ ഒരു തീരുമാനത്തിലേക്കെത്താൻ കഴിയുകയുള്ളൂ.

വിദഗ്ധനായ ഒരു ആർക്കിടെക്ട് ഒരു നിർമ്മിതി രൂപ കല്പന ചെയ്യുമ്പോൾ അതിന്റെ മുഴുവൻ ആയുസ്സും, ഒരു പക്ഷേ വരാനിരിക്കുന്ന ചുറ്റുപാടുകളുടെ മാറ്റവും കൂടി കഴിയാവുന്നത്ര കണക്കിലെടുക്കുന്നുണ്ട്. ഒരു പാലത്തിന്റെ ആയുസ്സ് നൂറുവർഷമെങ്കിൽ നൂറു വർഷത്തിനിടയിലെ വാഹനപ്പെരുപ്പം കൂടി അയാൾ മുന്നിൽ കാണുന്നു. ഇങ്ങനെയാണ് മഹത്തായ സൃഷ്ടികളുണ്ടാകുന്നത്. തച്ചന്മാർ നിരവധിയാണ്. പക്ഷേ, പെരുന്തച്ചന്മാർ അത്രയധികമുണ്ടാകില്ല. ഓരോ വ്യക്തിയും ഏർപ്പെടുന്ന ഓരോ കാര്യവും എത്രമാത്രം ഉൾക്കാഴ്ചയോടെയായിരുന്നു എന്നറിയാൻ പിന്നീട് ആ പ്രവൃത്തിയ്ക്ക് എന്ത് സംഭവിച്ചു എന്ന് പരിശോധിച്ചാൽ മാത്രം മതി.

ഒരു ഉത്പന്നം വിപണിയിലിറക്കുമ്പോൾ അതിന്റെ വിജയസാധ്യത കേവലം ഭാഗ്യനിർഭാഗ്യമല്ല. മറിച്ച് അത് ഉപഭോക്താക്കളിലുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ചുള്ള കൃത്യമായ അവബോധമാണ് മികച്ച ഒരു സംരംഭകനെ സൃഷ്ടിക്കുന്നത്. ഒരു പ്രത്യേക വിഷയം പഠിക്കാനായി തെരഞ്ഞെടുക്കുമ്പോൾ അതിനോടുള്ള താല്പര്യം, ജോലി സാധ്യതകൾ, അത് പഠിതാവുമായി എങ്ങനെ പൊരുത്തപ്പെടുന്നു എന്നത് മുഴുവൻ മുന്നിലെത്തേണ്ടതുണ്ട്. അല്ലാത്തപക്ഷം അതിനു മുടക്കിയ പണവും പ്രയത്നവും വ്യർത്ഥമായെന്നും വരാം.

കൺമുന്നിലെ നൈമിഷികമായ ജയപരാജയങ്ങൾ ഒരു ജേതാവിനെ ഭ്രമിപ്പിക്കുന്നില്ല. വിജയത്തിനപ്പുറം പരാജയത്തെയും പരാജയത്തിനപ്പുറം വിജയത്തെയും അയാൾക്ക് കാണാനാകും. അതിനായി അയാൾ ഉപയോഗിക്കുന്നത് തന്റെ കണ്ണുകളല്ല; മറിച്ച് മനസ്സാണ്. സാധ്യമായിടത്തോളം എല്ലാ അറകളും തുറന്ന് വിശാലമാക്കിയ മനസ്സ്. അവിടെ സങ്കുചിതമായ ഇന്നിന്റെ ലാഭങ്ങൾക്കപ്പുറം വിശാലമായ വിജയത്തിന്റെ പ്രപഞ്ചമാണ് തെളിയുന്നത്. സന്ന്യാസിയുടെ ജീവിതം ആത്മീയതയുമായി മാത്രം ബന്ധപ്പെട്ടതല്ല. ലോകത്തിലെ ഏതൊരു പ്രവൃത്തിയും പൂർണ്ണാർത്ഥത്തിൽ ഒരുതരം സന്ന്യാസം തന്നെയാണ്. ഇഹപരസുഖങ്ങളിൽ നിന്നുള്ള വിടുതലും, ലൗകികലോകത്തെ പ്രവൃത്തികളും പൊരുത്തപ്പെടുത്തുന്നതിന്റെ അനൗചിത്യം ചൂണ്ടിക്കാണിക്കപ്പെടാം. സന്ന്യാസം ഒരുതരം പൂർണ്ണസമർപ്പണമാണ്. അങ്ങനെയെങ്കിൽ ലോകത്തിന് നാനാവിധത്തിലുള്ള സന്ന്യാസിമാരെ ആവശ്യമുണ്ട്. കാഴ്ചക്കപ്പുറം കണ്ട് ലോകത്തെ നയിക്കുന്നവർ. എതിർ ചേരിയിൽ ബന്ധുമിത്രാദികളെ കണ്ട് തളർന്നുപോയ അർജ്ജുനനെ കാഴ്ചക്കപ്പുറം കാണുന്നതിനാണ് കൃഷ്ണൻ ഗീതയിൽ ഉപദേശിക്കുന്നത്. അതിന് ജ്ഞാനമല്ലാതെ മറ്റൊരു വഴിയില്ല. വിവിധ മനുഷ്യവിഭാഗങ്ങളുടെ എണ്ണമറ്റ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇങ്ങനെയുള്ള എത്രയെത്ര ഉൾക്കാഴ്ചയോടെയാണ് വളർന്ന് വന്നിട്ടുണ്ടാകുക. പക്ഷേ, പലർക്കും അതിനെ കേവലമായ ആചാരങ്ങൾക്കപ്പുറം ഉൾക്കൊള്ളാനാകുന്നില്ല. കേവലം പുണ്യത്തിനുവേണ്ടിയുള്ള ദാനവും അന്യന്റെ വേദനയിലലിഞ്ഞ് ചെയ്യുന്ന ദാനവും വ്യത്യാസപ്പെടുന്നത് അങ്ങനെയാണ്. കാഴ്ചകൾക്കപ്പുറം കണ്ട് വിശ്വപ്രപഞ്ചത്തിന്റെ പൊരുൾ തിരിച്ചറിയുന്നതിന് ആദ്യ ശ്ലോകത്തിലൂടെ തന്നെ ശ്രീനാരായണ ഗുരു ആത്മോപദേശക ശതകത്തിൽ ഇങ്ങനെ ഉപദേശിക്കുന്നു.

"അറിവിലമേറിയറിഞ്ഞിടുന്നവൻ ത
ന്നുരുവിലുമൊത്തു പുറത്തുമുജ്ജ്വലിക്കും
കരുവിനും കണ്ണുകളഞ്ചുമുള്ളടക്കി
തെരുതെരെ വീണ്ടു വണങ്ങിയോതീടേണം"

